# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/1548/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 11/10/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/1548/2023 തീയ്യതി: 11/10/2023

## കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-10-2022 മുതൽ 18-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എ. ആർ. ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 19-09-2023 | 29-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-09-2023 | 29-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സി.വി. ജ്യോതിഷ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. വനജ മാടത്താങ്കണ്ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ശ്രീജ. കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. നിഖില. എ. എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ടി. ബിന്ദു. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. അനിൽ രാമകൃഷ്ണൻ | സെക്രട്ടറി | 01-04-2022 | 03-10-2022 |
| ശ്രീമതി. രജനി. കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-10-2022 | 05-10-2022 |
| ശ്രീ. രാമചന്ദ്രൻ. വി. | സെക്രട്ടറി | 06-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. രജനി. കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ. ജോമോൻ പൌലോസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 25-05-2022 |
| ശ്രീ. മുസ്തഫ. സി. എച്ച്. | അസിസ്റ്റന്റ് എഞ്ചിനീയർ | 26-05-2022 | 31-03-2023 |
| ശ്രീ. ജോർജ്. കെ. ജെ. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. ഷാജി. കെ. പി. | വി.ഇ.ഒ. മുഴക്കുന്ന് | 01-04-2022 | 31-03-2023 |
| ഡോ. പ്രശാന്ത്. പി. വി. | മെഡിക്കൽ ഓഫീസർ PHC | 01-04-2022 | 31-03-2023 |
| ഡോ. ആര്യ ഗോപാൽ | വെറ്റിനറി സർജൻ | 01-04-2022 | 10-10-2022 |
| ഡോ. വിജിൻ. വി.എൽ | വെറ്റിനറി സർജൻ | 11-10-2022 | 19-10-2022 |
| ഡോ. നമ്രത വൽസലൻ | വെറ്റിനറി സർജൻ | 20-10-2022 | 05-01-2023 |
| ഡോ. പി. എൻ. ഷിബു. | വെറ്റിനറി സർജൻ | 06-01-2023 | 31-03-2023 |
| ഡോ. ലിഷമോൾ. കെ. എസ്. | മെഡിക്കൽ ഓഫീസർ GAD | 01-04-2022 | 12-04-2022 |
| ഡോ. അനീഷ് കുമാർ. കെ. | മെഡിക്കൽ ഓഫീസർ GAD | 13-04-2022 | 05-05-2022 |
| ഡോ. ലിഷമോൾ. കെ. എസ്. | മെഡിക്കൽ ഓഫീസർ GAD | 06-05-2022 | 12-06-2022 |
| ഡോ. അനീഷ് കുമാർ. കെ. | മെഡിക്കൽ ഓഫീസർ GAD | 13-06-2022 | 29-09-2022 |
| ഡോ. സലീം. പി. വി. | മെഡിക്കൽ ഓഫീസർ GAD | 30-09-2022 | 31-03-2023 |
| ഡോ. മനോജ് കുമാർ. ടി. ജി. | മെഡിക്കൽ ഓഫീസർ GHD | 01-04-2022 | 31-03-2023 |
| ശ്രീമതി. ആശാലത. പി. | ഐ സി ഡി എസ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| വി. | സൂപ്പർവൈസർ | | |
| ശ്രീ. കെ. പി. ഷംസുദ്ദീൻ | ഹെഡ് മാസ്റ്റർ | 01-04-2022 | 03-07-2022 |
| ശ്രീ. മുരളീധരൻ. കെ. എ | ഹെഡ് മാസ്റ്റർ | 04-07-2022 | 31-03-2023 |
| ശ്രീ. സുഭാഷ്. ജെ, എൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-07-2022 |
| ശ്രീ. ബിനുരാജ്. പി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-08-2022 | 31-03-2023 |
| ശ്രീ. ടി. ആർ. രാജേഷ്. | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-12-2022 |
| ശ്രീ. രജീഷ് ടി. കെ. | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-01-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഷെയർ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-1 |
| 3 | Income And Expenditure സ്റ്റേറ്റ്മെന്റിൽ Gross Surplus/deficit Of Income Over Expenditure ആയി രേഖപ്പെടുത്തിയ തുക യഥാർത്ഥ തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | നോട്സ് ഓൺ അക്കൌണ്ട് തയ്യാറാക്കിയിട്ടില്ല. | 1-1-6 |
| 8 | ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുക തെറ്റായ ശീർഷകത്തിലുൾപ്പെടുത്തി | 1-1-7 |
| 9 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-8 |
| 10 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-9 |
| 11 | രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-10 |
| 12 | ലൈബ്രറി സെസ്സ് കളക്ഷൻ പൊരുത്തപ്പെടുന്നില്ല. | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | പുതുക്കിയ ബജറ്റ് | 1-2-1 |
| 15 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം. | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് പരിശോധന | 1-8 |
| 21 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 22 | ഗ്രാമ സഭ | 1-10 |
| 23 | കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിൽ അപാകത | 1-11 |

| | | |
|---|---|---|
| 24 | അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്ന് വസ്തുനികുതി ഈടാക്കിയിട്ടില്ല. | 1-12 |
| 25 | അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നില്ല | 1-13 |
| 26 | അനധികൃതമായി പ്രവർത്തിക്കുന്ന പഴശ്ശിരാജ ഇംഗ്ലീഷ് മീഡിയം സ്കൂൾ കെട്ടിടത്തിനെതിരെ നടപടികൾ സ്വീകരിച്ചിട്ടില്ല | 1-14 |
| 27 | സേവന ഉപനികുതി ചുമത്തുന്നില്ല | 1-15 |
| 28 | എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. | 1-16 |
| 29 | ഇ-ടെണ്ടർ ഫീ - ജില്ലാ പഞ്ചായത്തിൽ നിന്നും മുഴുവൻ തുകയും തിരികെ ലഭിച്ചില്ല | 1-17 |
| 30 | ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ-മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി-₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |
| 31 | ഹോമിയോ മരുന്ന് ലഭ്യമായില്ല. ₹64227 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 32 | കോക്ലിയർ ഇംപ്ലാന്റേഷൻ ഉപകരണങ്ങളുടെ റിപ്പയറിംഗ് കേരള സാമൂഹ്യസുരക്ഷാമിഷന് തുക നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ ₹250000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 33 | ബാലസഭ ശാക്തീകരണം- മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച ₹35000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 34 | എ ബി സി പ്രോഗ്രാം -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 35 | ഇൻഫർമേഷൻ കേരള മിഷന് തുക നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല ₹64340 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 36 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് RRF ന് പഞ്ചായത്ത് വിഹിതം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല, ₹28000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24 |
| 37 | സ്ത്രീ പദവി പഠനം- തുടർ നടപടികൾ സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല - ₹21930 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-25 |
| 38 | മുൻകൂർ നൽകിയ തുക ക്രമീകരിച്ചിട്ടില്ല | 1-26 |
| 39 | പ്രാഥമിക ആരോഗ്യ കേന്ദ്രം- ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റിയുടെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. | 1-27 |
| 40 | ലൈഫ് ഭവന നിർമ്മാണം - പട്ടികവർഗ്ഗ ഗുണഭോക്താക്കൾ നാളിതുവരെയായി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-28 |
| 41 | തനത് വരുമാനം-ഗ്രാമപഞ്ചായത്തിലെ നിലവിലെ സ്ഥിതി സംബന്ധിച്ച അവലോകനം. | 1-29 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 6 | ഓഡിറ്റ് റിക്കവറി | 4-7 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത്‌രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 13-07-2023 ലെ 194/23 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 15-07-2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത്‌രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മുഴക്കുന്ന് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ,
11.10.2023.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

### 1-1-1 ഷെയർ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ബാലൻസ് ഷീറ്റിലെ ബി-12 ഷെഡ്യൂൾ പ്രകാരം Investment Preference Share ഇനത്തിൽ രേഖപ്പെടുത്തിയ ₹5010 യുടെ ഷെയർ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന്റെ 5000 രൂപയുടെ ഷെയർ സർട്ടിഫിക്കറ്റ് പ്രിഫറൻസ് ഷെയറായി 4-7-2015 എടുക്കുകയും 25-9-2015 ന് വീണ്ടും 5000 രൂപയുടെ ഷെയർ കൂടി എടുത്ത് ആകെ 10000 യുടെ ഷെയർ സർട്ടിഫിക്കറ്റാണ് എടുത്തിട്ടുള്ളതെന്നും ₹5010 യുടെ ഷെയർ സർട്ടിഫിക്കറ്റിൽ 5000 രൂപ ബി 12 ഷെഡ്യൂളിൽ മുൻവർഷങ്ങളിൽ ഇരട്ടിപ്പായി രേഖപ്പെടുത്തിയതാണെന്നും 10 രൂപ അപേക്ഷ ഫീസാണെന്നും വ്യക്തമാക്കപ്പെട്ടത്.

### 1-1-2 Income And Expenditure സ്റ്റേറ്റ്മെന്റിൽ Gross Surplus/deficit Of Income Over

Expenditure ആയി രേഖപ്പെടുത്തിയ തുക യഥാർത്ഥ തുകയുമായി പൊരുത്തപ്പെടുന്നില്ല.

Income And Expenditure സ്റ്റേമെന്റിൽ Gross Surplus/deficit Of Income Over Expenditure ആയി രേഖപ്പെടുത്തിയ തുക (₹-1434780) യഥാർത്ഥ തുകയുമായി (₹-1217428) പൊരുത്തപ്പെടുന്നില്ല. Gross Surplus/deficit Of Income Over Expenditure After Prior Period ആയി രേഖപ്പെടുത്തിയ തുകയോട് (₹-1326104) Prior Period Income (₹108676) കൂട്ടേണ്ടത്തിനു പകരം കുറവ് ചെയ്താണ് തുക രേഖപ്പെടുത്തിയത്. എന്നാൽ 31-3-2023 ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുള്ളത് ശരിയായ തുകയായ -1217428 രൂപ തന്നെയാണ്.

## 1-1-3 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

I. ദുരിതാശ്വാസ നിധി : ബാലൻസ് ഷീറ്റിലെ ബി-17 ഷെഡ്യൂൾ പ്രകാരമുള്ള തുക (₹55285), ബി-2 ഷെഡ്യൂൾ പ്രകാരമുള്ള തുക (56209) യുമായി പൊരുത്തപ്പെടുന്നില്ല. ബി-17 ഷെഡ്യൂൾ പ്രകാരം രണ്ട് ബാങ്ക് അക്കൌണ്ടുകളിലായാണ് നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. KGB President"s Relief Fund (40425101069356) അക്കൌണ്ടിൽ ₹52174 യും Nationalised Bank Of Own Fund Revenue Fund അക്കൌണ്ടിൽ ₹3111 യും നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത്. ദുരിതാശ്വാസ നിധിക്കായി യഥാർത്ഥത്തിൽ KGB President"s Relief Fund (40425101069356 എന്ന ഒരു അക്കൌണ്ട് മാത്രമാണുള്ളത്.
Ii. CFC Grant : ബാലൻസ് ഷീറ്റിലെ B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക (₹7386145) B-4 ഷെഡ്യൂൾ പ്രകാരമുള്ള തുകയുമായി (₹7328623) പൊരുത്തപ്പെടുന്നില്ല.

## 1-1-4 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹2081221 യാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹2045402 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-5 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

1. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.
2. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.
3.2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-6 നോട്സ് ഓൺ അക്കൌണ്ട് തയ്യാറാക്കിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-7 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുക തെറ്റായ ശീർഷകത്തിലുൾപ്പെടുത്തി

പ്രൊജക്റ്റ് നമ്പർ 144/23 അങ്ങാടിച്ചാൽ കുടിവെള്ള പദ്ധതിക്കായി വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് പ്രവൃത്തിയിനത്തിൽ നൽകിയ ₹620000 യുടെ വിനിയോഗ സാക്ഷ്യപത്രം 2022-23 സാമ്പത്തിക വർഷം ലഭ്യമായിട്ടില്ല. ഡെപ്പോസിറ്റായി നൽകിയ തുക ബാലൻസ് ഷീറ്റിലെ ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതിനു പകരം B.11(d) ഷെഡ്യൂളിൽ ആസ്തിയായി രേഖപ്പെടുത്തി.

## 1-1-8 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന

വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ഉദാഹരണമായി വസ്തു നികുതി, വാടക വരവ് എന്നിവ മാർച്ച് മാസാവസാനമാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-9 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-10 രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

I. ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂൾ പ്രകാരം ₹2606855-യും ക്രമീകരിക്കാൻ ബാക്കിയുള്ളതായും റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റിലെ RP-5 ഷെഡ്യൂൾ പ്രകാരം സെയിൽ ഓഫ് ടെണ്ടർ ഫോം ഇനത്തിൽ ₹39939-യും രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ അഡ്വാൻസ് രജിസ്റ്റർ, ടെണ്ടർ ഫോം സെയിൽ രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

II. B-4 Schedule പ്രകാരം ബാധ്യതയായി രേഖപ്പെടുത്തിയ വിവിധ ഗ്രാന്റിനങ്ങളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

## 1-1-11 ലൈബ്രറി സെസ്സ് കളക്ഷൻ പൊരുത്തപ്പെടുന്നില്ല.

ലൈബ്രറി സെസ്സ് കളക്ഷൻ, വാർഷിക ധനകാര്യ പത്രിക RP-35 പ്രകാരമുള്ള തുകയും (₹208330) സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകയും (₹208312) പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

മുഴക്കുന്ന് ഗ്രാമ പഞ്ചായത്തിന്റെ 2022-23 ലെ ബജറ്റ് 30-3-2022 ലെ 65/22-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 11646101 |
| വരവ് | 264456200 |
| ആകെ | 276102301 |
| ചെലവ് | 268252500 |
| നീക്കിയിരിപ്പ് | 7849801 |

## 1-2-1 പുതുക്കിയ ബജറ്റ്

മുഴക്കുന്ന് ഗ്രാമ പഞ്ചായത്തിന്റെ 2022-23 ലെ പുതുക്കിയ ബജറ്റ് 28-3-2023 ലെ 73/2023 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 12322027 |
| വരവ് | 247386200 |
| ആകെ | 259708227 |
| ചെലവ് | 257204475 |
| നീക്കിയിരിപ്പ് | 2503752 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| വർഷം | 2022-23 |
| മുന്നിരിപ്പ് | 18967678 |
| വരവ് | 40953724 |
| ആകെ | 59921402 |
| ചെലവ് | 38872503 |
| നീക്കിയിരിപ്പ് | 21048899 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളുടെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 613497 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 18435000 | 18435000 | 16596320 | 1838680 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 649000 | 649000 | 568899 | 80101 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 3202000 | 3202000 | 2878836 | 323164 |
| മെയിന്റനൻസ് ഫണ്ട്-റോഡ് | 0 | 5314000 | 5314000 | 3530527 | 1783473 |
| മെയിന്റനൻസ് ഫണ്ട്-റോഡിതരം | 0 | 5967000 | 5967000 | 4198491 | 1768509 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 3894800 (ബാങ്ക്) | 4322000 (ബാങ്ക്) 4677408 (ട്രഷറി) | 12894208 | 1252219 (ബാങ്ക്) 2917962 (ട്രഷറി) | 6964581 (ബാങ്ക്) 1759446 (ട്രഷറി) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – അൺടൈഡ് | 398659 (ബാങ്ക്) | 3068935 (ബാങ്ക്) 28842 (ട്രഷറി) | 3496436 | 3103552 (ബാങ്ക്) 28842 (ട്രഷറി) | 364042 (ബാങ്ക്) |
| ഐ സി ഡി എസ് കേന്ദ്രവിഹിതം | 506379 | 1506888 | 2013267 | 502337 | 1510930 |
| ടോട്ടൽ സാനിറ്റേഷൻ | 596921 | 0 | 596921 | 0 | 596921 |
| ഹെൽത്ത് ഗ്രാന്റ്-ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 0 | 268265 | 268265 | 0 | 268265 |
| ഹെൽത്ത്ഗ്രാന്റ് | 0 | 136893 | 136893 | 0 | 136893 |
| എസ് എസ് എ | 587641 | 16797 | 604438 | 0 | 604438 |
| പൈക്ക | 22715 | 909 | 23624 | 0 | 23624 |
| എംജിഎൻആർഇജിഎസ് | 2706 | 30947303 | 30950009 | 30177817 | 772192 |
| കുടിവെള്ള ഗ്രാന്റ് | 84829 | 0 | 84829 | 0 | 84829 |
| അംഗൻവാടി നെയിം ബോർഡ് | 3000 | 0 | 3000 | 0 | 3000 |
| ആയുഷ് ഫണ്ട് | 0 | 500000 | 500000 | 0 | 500000 |
| ശുചിത്വ മിഷൻ ഫണ്ട് | 1061261 | 306264 | 1367525 | 927829 | 439696 |
| വെൽഫയർ ഫണ്ട് | 7055 | 0 | 7055 | 0 | 7055 |
| പ്രത്യേകോദ്ദേശ്യ ഗ്രാന്റ് | 133945 | 7955 | 141900 | 14365 | 127535 |
| ലൈഫ് മിഷൻ | 433559 | 30042 | 463601 | 350000 | 113601 |
| സാക്ഷരത | 8274 | 239 | 8513 | 0 | 8513 |
| എം സി എഫ് വിഹിതം | 800 | 0 | 800 | 0 | 800 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 181 | 90635779 | 137 | 43571018 | 27 | 44 | 61 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ സംക്ഷിപ്ത വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 48 | 28 | 20986980 | 7909263 | 38 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 7 | 3 | 1684000 | 1004545 | 60 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 60 | 46 | 29161426 | 14510232 | 50 |
| 4 | കൃഷി ഓഫീസർ | 8 | 8 | 1157876 | 948470 | 82 |
| 5 | വി.ഇ.ഒ. മുഴക്കുന്ന് | 16 | 15 | 24032818 | 8548130 | 36 |
| 6 | മെഡിക്കൽ ഓഫീസർ PHC | 7 | 4 | 2096576 | 1547726 | 74 |
| 7 | മെഡിക്കൽ ഓഫീസർ GAD | 2 | 2 | 450000 | 450000 | 100 |
| 8 | മെഡിക്കൽ ഓഫീസർ GHD | 1 | 1 | 150000 | 150000 | 100 |
| 9 | വെറ്ററിനറി സർജൻ | 9 | 8 | 3813380 | 1700362 | 45 |
| 10 | ICDS സൂപ്പർവൈസർ | 8 | 8 | 4675905 | 4536522 | 97 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 868100 | 868100 | 100 |
| 12 | ഹെഡ് മാസ്റ്റർ | 13 | 12 | 1458718 | 1297668 | 89 |
| 13 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 100000 | 100000 | 100 |
| | ആകെ | 181 | 137 | 90635779 | 43571018 | 48 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2706 | 1252401 | 1255107 | 482915 | 772192 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 29694902 | 29694902 | 29694902 | 0 |

| ആകെ | 2706 | 30947303 | 30950009 | 30177817 | 772192 |
|---|---|---|---|---|---|

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| തൊഴിൽ രഹിതവേതനം | 18 | 12240 |
| കർഷകതൊഴിലാളി പെൻഷൻ | 297 | 3264000 |
| വിധവാ പെൻഷൻ | 1026 | 11106000 |
| വാർദ്ധക്യകാല പെൻഷൻ | 2044 | 20467600 |
| വികലാംഗ പെൻഷൻ | 322 | 3466200 |
| അവിവാഹിത പെൻഷൻ | 72 | 737000 |
| വിവാഹ ധനസഹായം | 4 | 120000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) -ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-09-2023ന് 3.46 Pm സമയത്ത് അക്കൌണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹4062 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവുകളിലൂടെ ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം എന്നത് ആ സ്ഥാപനത്തിന്റെ പൊതുവായ പ്രവർത്തനങ്ങളുടെയും അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെയും കാഷിന്റെയും ബാങ്കിന്റേയും ഇടപാടുകളുടെ നിയന്ത്രണവും വരുമാനം വർദ്ധിപ്പിക്കാനായി നടപടി സ്വീകരിക്കുന്നതോടൊപ്പം പിരിച്ചെടുക്കാനുള്ള നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിലുള്ള കാര്യക്ഷമതയും മുഴുവൻ ചെലവുകളുടെയും ആധികാരിത ഉറപ്പുവരുത്തുന്നതുമായ സമ്പ്രദായമാണ്. നികുതി നികുതിയേതര വരുമാനങ്ങൾ പരമാവധി പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. പ്രധാന വരുമാനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, അപേക്ഷകൾ, പത്രികകൾ തുടങ്ങിയ രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് മുഖേന പൊതുജനങ്ങൾക്ക് സേവനം നൽകുന്നുണ്ട്. പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ, വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ, മിനിട്സ് എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷം എല്ലാ മാസങ്ങളിലും സ്റ്റാഫ് മീറ്റിംഗുകൾ ചേരുകയും സുഗമമായ ഓഫീസ് പ്രവത്തനത്തിനുതകുന്നിനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമ സഭ

ഗ്രാമ പഞ്ചായത്തിൽ ആകെയുള്ള 15 വാർഡുകളിൽ 1, 2, 3, 6, 9, 10, 11, 13, 15 എന്നീ വാർഡുകളിൽ 5/2022, 8/2022, 10/2022, 12/2022 എന്നീ മാസങ്ങളിലും 4, 5, 7, 8, 12, 14 എന്നീ വാർഡുകളിൽ 5/2022, 8/2022, 9/2022, 12/2022 എന്നീ മാസങ്ങളിലുമാണ് ഗ്രാമസഭാ യോഗം ചേർന്നിട്ടുള്ളത്. ഗ്രാമസഭകളിലെ അജണ്ടകളിൻമേൽ ചർച്ച നടക്കുകയും തീരുമാനങ്ങൾ മിനുട്സിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1-11 കെട്ടിടങ്ങളുടെ തറവിസ്തീർണ്ണത്തെ അടിസ്ഥാനമാക്കിയുള്ള നിരക്ക് കണക്കാക്കിയതിൽ അപാകത

1. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ

ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ വിവിധ കെട്ടിടങ്ങൾക്ക് താഴെ പറയുന്ന നിരക്കിലാണ് നികുതി കണക്കാക്കേണ്ടത്.

| ക്രമ നമ്പർ | ഇനം | നിരക്ക് / ച.മീ |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 $M^2$ വരെ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 30 |
| 2 | വാണിജ്യാവശ്യത്തിനുള്ള 100 $M^2$ ന്ന മുകളിൽ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 50 |
| 3 | വാണിജ്യാവശ്യത്തിനുള്ള 200 $M^2$ വരെ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 30 |
| 4 | വാണിജ്യാവശ്യത്തിനുള്ള 200 $M^2$ ന്ന മുകളിൽ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 70 |

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്റർ, സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉമസ്ഥന്റെ പേര് | കെട്ടിട നമ്പർ | പ്ലിന്ത് ഏരിയ (ച.മീ) | നിർണ്ണയിച്ച നികുതി (₹/M2) | നിർണ്ണയിക്കേണ്ട നികുതി (₹/M2) |
|---|---|---|---|---|---|
| 1 | നസീർ നെല്ലേരി | 8/392 A,B,C,D, E,F,G,H, I,J,K,L,M | 61.44+64+84.88+84.88+ 84.88+33.53+33.53+ 33.53+33.53+33.53+ 33.53+33.53+33.53 ആകെ : 648.32 | (8/392 A,B ₹50 നിരക്കിലും 8/392 C,D,E ₹70 നിരക്കിലും 8/392 F,G,H, I,J,K,L,M ₹20 നിരക്കിലും) | 70 |
| 2 | കെ. കെ. മോഹൻദാസ് | 8/393, 394, 394 A | 339.21+547+549.37 ആകെ : 1435.58 | ₹50 | ₹70 |
| 3 | വെള്ളോറ വയലപ്ര മധുസൂദനൻ | 8/414 H,I,J,K,L,M,N | 11.52+11.51+189.62+148.92+ 36.97+30.88+24.47 ആകെ - 453.89 | (8/414 H, I ₹30 നിരക്കിലും | ₹70 |

| | | | | | |
|---|---|---|---|---|---|
| | | | | 8/414<br>J, K, L, M, N<br>₹50<br>നിരക്കിലും) | |

മേൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകതകൾക്ക് 23/23-09-23 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നികുതി നിർണയിച്ചതിൽ തെറ്റ് സംഭവിച്ചിട്ടില്ല എന്ന മറുപടിയാണ് നല്കിയത്. ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. മേല്പറഞ്ഞ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിൽ തറ നിർമിതിയുടെ അടിസ്ഥാനത്തിൽ ലഭ്യമാകേണ്ടിയിരുന്ന 15 % വർദ്ധനവ് സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുമില്ല. പ്രസ്തുത വസ്തു നികുതി നിർണ്ണയത്തിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കേണ്ടിയിരുന്ന 15% വർദ്ധനവ് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. 2011 ലെ കേരള പഞ്ചായത്ത് രാജ് നിയമം (വസ്തുനികുതിയും സേവന ഉപനികുതി സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 6 അനുസരിച്ച് വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ച തറനിർമ്മിതിയുള്ളതും 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 15 ശതമാനം വർദ്ധനവ് വരുത്തേണ്ടതായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വട്ടപ്പൊയിൽ വാർഡിൽ (8-ാം വാർഡ്) പനമുള്ളിൽ മധു എന്നവരുടെ ഉടമസ്ഥതയിലുള്ള 263.34 ച.മീ തറ വിസ്തീർണമുള്ള വാണിജ്യ കെട്ടിടത്തിലെ മുറികളുടെ നികുതി നിർണ്ണയം ചുവടെ കാണിച്ചിരിക്കുന്നതിന് പ്രകാരമാണ് സഞ്ചയയിൽ നടത്തിയിരിക്കുന്നത്.

| ഫോം 6 ൽ രേഖപ്പെടുത്തിയിരിക്കുന്ന അടിസ്ഥാന വിവരങ്ങൾ | |
|---|---|
| കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല | പ്രഥമം |
| കെട്ടിടം സ്ഥിതി ചെയ്യുന്ന / കെട്ടിടത്തിന്റെ സമീപമുള്ള റോഡിന്റെ പേര് | ഇരിട്ടി - പേരാവൂർ റോഡ് |
| റോഡിന്റെ തരം | 5 മീറ്ററും അതിൽ കൂടുതലും വീതിയുള്ള റോഡുകൾ |
| തറ നിർമിതിയുടെ വിവരം | മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ്, മറ്റ് വിലയേറിയ വസ്തുക്കൾ |
| കെട്ടിടത്തിന്റെ ഉപയോഗക്രമം | വാണിജ്യാവശ്യത്തിനുള്ളവ 100 $M^2$ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ |

ഫോം 6 ൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പ്രകാരം തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് നികുതി നിർണ്ണയത്തിന് പരിഗണിച്ചതായി കാണുന്നില്ല.

| വാർഡ് നമ്പർ/കെട്ടിട നമ്പർ | തറ വിസ്തീർണ്ണം(ച.മീ.) |
|---|---|
| 8/346 B | 65.24 |
| 8/346 C | 65.24 |
| 8/346 D | 66.43 |
| 8/346 E | 66.43 |
| ആകെ | 263.34 |

പ്രസ്തുത വസ്തു നികുതി നിർണ്ണയത്തിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ ലഭ്യമാകേണ്ടിയിരുന്ന 15% വർദ്ധനവ് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ച് 22/23-09-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടത്തിന്റെ മൊത്തം തറവിസ്തീർണം പരിഗണിച്ച് തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്ന് വസ്തുനികുതി ഈടാക്കിയിട്ടില്ല.

12.04.2012 ലെ 49590/ആർ.സി2/2011/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം സർക്കാർ അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളേയും അവയുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ ആവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളേയും അവയോടനുബന്ധിച്ച ഹോസ്റ്റലുകളെയും 14.01.2011 മുതൽ വസ്തു നികുതി അടവാക്കുവാൻ ബാധ്യസ്ഥരാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന താഴെ കൊടുത്തിരിക്കുന്ന അൺ എയ്ഡഡ് സ്കൂളുകളിൽ നിന്ന് വസ്തുനികുതി ഇനത്തിൽ തുക പിരിച്ചെടുക്കാൻ കുടിശ്ശിക

ഉണ്ട്.

| ക്രമ നം | സ്കൂളിന്റെ പേര് | കെട്ടിട നമ്പർ | ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച.മീ) | വാർഷിക വസ്തു നികുതി | കുടിശ്ശിക |
|---|---|---|---|---|---|---|
| 1 | നവജ്യോതി ഇംഗ്ലീഷ് മീഡിയം സ്കൂൾ | 7/431 | മദർ സുപ്പീരിയർ, എസ് എച്ച് കോൺവെന്റ് | 3679.96 | 10143 | 2013-14 ഒന്നാം അർദ്ധ വർഷം മുതൽ |

മേൽ പട്ടികയിൽ പറഞ്ഞിട്ടുള്ള അൺ-എയ്ഡഡ് സ്കൂളുകളിൽ നിന്ന് വസ്തുനികുതി ഈടാക്കാത്തത് സംബന്ധിച്ച് 35/29-9-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത സ്കൂൾ CBSE അഫിലിയേഷനുള്ള സ്ഥാപനമാണെന്ന് അറിയിച്ചിട്ടുണ്ട്. അത്തരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ല. മേൽപ്പറഞ്ഞിട്ടുള്ള അൺ എയ്ഡഡ് സ്ക്കൂളിൽ നിന്നും വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്. കൂടാതെ ഗ്രാമ പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന മറ്റു അൺ എയ്ഡഡ് സ്ഥാപനങ്ങളെ കണ്ടെത്തി ആയവ വസ്തുനികുതി അടവാക്കുന്നില്ലെങ്കിൽ കുടിശ്ശിക സഹിതം വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-13 അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നില്ല

2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയവേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 455 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യുന്ന തീയതി മുതൽ മാത്രമാണ് കേരള പഞ്ചായത്ത് രാജ് നിയമം 235 എഎ പ്രകാരം വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക ഈടാക്കാനാവൂ എന്നിരിക്കെ അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നതിലെ വീഴ്ചയുണ്ടായത് സംബന്ധിച്ച് 24/23-09-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഫീൽഡ് പരിശോധന നടത്തി നടപടികൾ സ്വീകരിച്ച് വരുന്നുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 അനധികൃതമായി പ്രവർത്തിക്കുന്ന പഴശ്ശിരാജ ഇംഗ്ലീഷ് മീഡിയം സ്കൂൾ കെട്ടിടത്തിനെതിരെ നടപടികൾ സ്വീകരിച്ചിട്ടില്ല

2022-2023 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിലെ വട്ടപ്പൊയിൽ വാർഡിൽ (വാർഡ് 8) പ്രവർത്തിക്കുന്ന പഴശ്ശിരാജ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ട്. കെ. കെ ബാലറാം, ജനസേവന സമിതി, പഴശ്ശിരാജ വിദ്യാനികേതൻ, കാക്കയങ്ങാട് എന്നവരുടെ ഉടമസ്ഥതയിലുള്ള പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റ് എടുത്തതിന്റെയോ ടി കെട്ടിടം നിർമ്മിച്ച ശേഷം ക്രമവത്ക്കരണം നടത്തിയതിന്റെയോ രേഖകൾ ഫയലിൽ ഇല്ല. കെട്ടിടം ക്രമവത്ക്കരിക്കുന്നതിന് കെട്ടിട ഉടമ 25-09-2019 ന് നൽകിയ A3 4582 നമ്പർ അപേക്ഷയിൻ മേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കുന്നതിന് 31/27-09-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ജില്ലാ ടൗൺ പ്ലാനറുടെ TCPKNR /2447/2019-C തിയ്യതി 09-01-20 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്ത അപാകതയിന്മേൽ ന്യൂനതകൾ പൂർണമായും പരിഹരിക്കുന്നതിന് അപേക്ഷകന് അറിയിപ്പ് നല്കിയിട്ടുണ്ടെങ്കിലും അപേക്ഷകൻ തുടർ നടപടി കൈക്കൊണ്ടിട്ടില്ലെന്നും ആയതിനാൽ കെട്ടിട നമ്പർ അനുവദിച്ചിട്ടില്ല, ചട്ടപ്രകാരം UA നമ്പർ നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട് എന്നുമാണ് മറുപടി നൽകിയത്.

കേരള പഞ്ചായത്ത് രാജ് ആക്ട് 235 Z പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ പിഴ സംബന്ധിച്ച് താഴെ പറയുന്ന പ്രകാരം വ്യവസ്ഥ ചെയ്യുന്നു.

ഏതെങ്കിലും കെട്ടടത്തിന്റെ നിർമ്മാണമോ പുനർനിർമ്മാണമോ മാറ്റം വരുത്തലോ,

(എ) സെക്രട്ടറിയുടെ അനുവാദം കൂടാതെ ആരംഭിക്കുകയോ,

(ബി) അനുവാദത്തിന് ആധാരമായ സംഗതികൾ അനുസരിച്ചല്ലാതെ നടത്തിക്കൊണ്ടിരിക്കുകയോ പൂർത്തിയാക്കുകയോ,

(സി) ഈ ആക്ടിലെ ഏതെങ്കിലും വ്യവസ്ഥയോ അതിൻ കീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിനോ ബൈലോയ്ക്കോ

നിയമാനുസൃതം നൽകിയിട്ടുള്ള ഏതെങ്കിലും നിർദ്ദേശത്തിനോ ആവശ്യപ്പെടലിനോ വിരുദ്ധമായിട്ടോ നടത്തിക്കൊണ്ടിരിക്കുകയോ പൂർത്തിയാക്കുകയോ,
(ഡി) തൽസംബന്ധമമായി 235 എൻ വകുപ്പ് പ്രകാരം പുറപ്പെടുവിച്ച നോട്ടീസിൽ ആവശ്യപ്പെട്ടിരിക്കുന്ന മാറ്റമോ കൂട്ടിചേർക്കലോ യഥാവിധി വരുത്താതിരിക്കുകയോ,
(ഇ) തൽസംബന്ധമായി 235 ഡബ്ല്യു വകുപ്പ് പ്രകാരം സെക്രട്ടറി ഏതെങ്കിലും ആളിന് നൽകിയ നിർദ്ദേശം അനുസരിക്കുന്നതിൽ അയാൾ വീഴ്ച വരുത്തുകയോ ചെയ്യുന്ന സംഗതിയിൽ, കെട്ടിടത്തിന്റെ ഉടമസ്ഥനിൽ നിന്നോ അങ്ങനെയുള്ള ആളിൽ നിന്നോ, അതതു സംഗതിപോലെ, കുറ്റസ്ഥാപനത്തിൻമേൽ, ഒരു കെട്ടിടത്തെ സംബന്ധിച്ചാണെങ്കിൽ പതിനായിരം രൂപ വരെയാകാവുന്ന പിഴയും കുടിലിനെ സംബന്ധിച്ചാണെങ്കിൽ ആയിരം രൂപ വരെ ആകാവുന്ന പിഴയും കുറ്റം തുടർന്ന് പോകുന്ന ഓരോ ദിവസത്തിനും, കെട്ടിടത്തെസംബന്ധിച്ചാണെങ്കിൽ ആയിരം രൂപ വരെയും കുടിലിനെ സംബന്ധിച്ചാണെങ്കിൽ പത്ത് രൂപ വരെയും ആകാവുന്ന അധികം പിഴയും ഈടാക്കാവുന്നതാണ്.
എന്നാൽ, കെട്ടിടത്തിന്റെ നിർമ്മാണമോ പുനർനിർമ്മാണമോ, 235 ഡബ്ല്യു വകുപ്പ് പ്രകാരം ക്രമവത്ക്കരിക്കാവുന്നതും അപ്രകാരം സെക്രട്ടറി ക്രമവത്ക്കരിച്ചിട്ടുള്ളതാണെങ്കിൽ ഈ ഉപവകുപ്പ് പ്രകാരം യാതൊരാളെയും കുറ്റസ്ഥാപനം നടത്താൻ പാടുള്ളതല്ല.

എന്നാൽ മേല്പറഞ്ഞ കെട്ടിട ഉടമയിൽ നിന്നും നാളിതുവരെ പിഴ ഈടാക്കുകയോ നോട്ടിസ് നല്കുകയോ ചെയ്തിട്ടില്ല. കെട്ടിടം നിർമ്മാണം ആരംഭിച്ചപ്പോഴോ, കെട്ടിട നിർമ്മാണം നടക്കുന്ന വേളയിലോ ഗ്രാമപഞ്ചായത്ത് ചട്ടപ്രകാരമുള്ള നടപടികളൊന്നും സ്വീകരിച്ചില്ല. അനധികൃത നിർമ്മാണങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് ആക്ട് 235 Z വ്യവസ്ഥ പ്രകാരമുള്ള നടപടിയോ/കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1)ലെ വ്യവസ്ഥ പ്രകാരമുള്ള നടപടിയോ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 സേവന ഉപനികുതി ചുമത്തുന്നില്ല

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പ് പ്രകാരം സേവനഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപപ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ഏർപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ചുമത്താവുന്ന സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ലഭിക്കുന്ന സേവനം | നിരക്ക് (കെട്ടിടത്തിന്റെ വസ്തുനികുതിയുടെ ശതമാനം) |
|---|---|---|
| 1 | ശുചിത്വപരിപാലനം | 4 |
| 2 | ജലവിതരണം | 3 |
| 3 | തെരുവ് വിളക്കുകൾ | 2 |
| 4 | ഡ്രെയിനേജ് | 1 |

2023-24 പ്രാബല്യത്തിൽ നടപ്പിലാക്കുന്ന വസ്തുനികുതി പരിഷ്കരണത്തിൽ സേവന ഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടുണ്ടോ എന്നും മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് നല്കുന്ന ഇത്തരം സേവനങ്ങൾക്ക് സേവന ഉപനികുതി ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നുമുള്ള വിവരം ലഭ്യമാകുന്നതിന് 25/23-09-2023 പ്രകാരം നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നിലവിൽ സേവന ഉപനികുതി ചുമത്തുന്നില്ല എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. ശുചിത്വപരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നിവ സംബന്ധിച്ച് സേവനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-16 എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും

## തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും ബിസ്സിനസ്സ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204ാം വകുപ്പ്, 1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം3, 4 എന്നിവ അനുശാസിക്കുന്നു. മുഴക്കുന്ന് ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തിലെ ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭങ്ങൾ, മറ്റ് സേവനങ്ങൾ എന്നിവയ്ക്കായുള്ള ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ ലൈസൻസ് ലഭിച്ച ഒന്നിൽ കൂടുതൽ പേർ ജീവനക്കാരുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഇപ്രകാരം ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വ്യാപാരം | സ്ഥാപന ഉടമയുടെ പേര് | വാർഡ് /കെട്ടിട നമ്പർ | ലൈസൻസ് അപേക്ഷയിലെ തൊഴിലാളി കളുടെ എണ്ണം |
|---|---|---|---|---|
| 1 | പലചരക്ക് കട | പി. അബ്ദുള്ള | 8/33 | 2 |
| 2 | ആയുർവേദ ഉല്പന്നങ്ങൾ വില്പന | ജസ്റ്റിൻ. എം കെ | 8/248 | 5 |
| 3 | ഹോമിയോ ക്ലിനിക്ക് | ഭാസ്കരൻ | 4/463 | 2 |
| 4 | ഹാർഡ് വേർ ഷോപ്പ് | കെ. ഡി. അബ്ദുള്ളക്കുട്ടി | 12/75 A | 2 |
| 5 | അക്ഷയ സെന്റെർ | എൻ. വി. ബിജു | 13/420 F | 3 |
| 6 | ബ്യൂട്ടി പാർലർ | സിന്ധു അജി | 4/429, 430 | 3 |
| 7 | മെഡിക്കൽ ബയോലാബ് | വിൽസൺ. സി | 7/26 | 2 |
| 8 | പലചരക്ക് കട | അബദുൾ ഹക്കിം | 4/450,451, 452, 453 | 3 |
| 9 | വസ്ത്ര വ്യാപാരം | പ്രജ. എം | 13/437, 439 | 3 |
| 10 | ടിഷ്യു പേപ്പർ നിർമാണം | നിഗേഷ് കുമാർ | 3/460 D | 3 |
| 11 | ബേക്കറി | ഏ. കെ ഷംസുദ്ദീൻ | 8/38 | 2 |
| 12 | ക്ലിനിക്കൽ ലാബ് | റസാഖ് | 12/534 E F | 2 |
| 13 | ഹോട്ടൽ | ഹാഷിം. സി. സി | 8/77 M | 3 |
| 14 | ഐസ്ക്രീം പാർലർ | സിജി. പി | 7/263 B | 4 |
| 15 | വാടക സാധനങ്ങൾ വില്പനയ്ക്ക് | അഭിലാഷ് | 13/346 | 7 |
| 16 | വാടക സാധനങ്ങൾ വില്പനയ്ക്ക് | നിമിഷ് ബാബു. എ | 12/168 | 6 |
| 17 | ഹൈപ്പർ മാർക്കറ്റ് | അഭിഷേക് ശ്യാം | 15/428 E | 4 |
| 18 | ബേക്കറി | റിഷാന. കെ | 3/78 E, F | 3 |

ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ 20/23-09-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മുകളിൽ പറഞ്ഞിരിക്കുന്ന പട്ടികയിൽ ഏതാനും ഉദാഹരണങ്ങൾ മാത്രമെ ഉൾപ്പെടുത്തിയിട്ടുള്ളൂ. നികുതി അടക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ഇ-ടെണ്ടർ ഫീ - ജില്ലാ പഞ്ചായത്തിൽ നിന്നും മുഴവൻ തുകയും തിരികെ ലഭിച്ചില്ല

ഇ-ടെണ്ടർ ഫീ, ഇ.എം.ഡി എന്നിവ ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിന് 28-9-2013 ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ളതും മുഴക്കുന്ന് ഗ്രാമ പഞ്ചായത്തിന് 2021-22 വർഷം വരെ കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്നും ടെണ്ടർ ഫീയിനത്തിൽ ലഭിക്കാനുണ്ടായിരുന്ന ₹138531 യിൽ ₹17054 മാത്രമാണ് 2022-23 ൽ ലഭിച്ചിട്ടുള്ളത് ലഭിക്കാൻ ബാക്കിയുള്ള ₹121477 യുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വർഷം | ലഭിക്കാനുണ്ടായിരുന്ന തുക ₹ | ലഭിച്ച തുക ₹ | ബാക്കി തുക ₹ |
|---|---|---|---|---|
| 1 | 2015-16 | 14100 | 17054 | 121477 |
| 2 | 2016-17 | 5260 | | |
| 3 | 2017-18 | 26344 | | |
| 4 | 2018-19 | 42146 | | |
| 5 | 2019-20 | 11433 | | |
| 7 | 2020-21 | 10628 | | |
| 8 | 2021-22 | 28620 | | |
| | ആകെ | 138531 | 17054 | 121477 |

₹121477 കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ലഭിക്കാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ-മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി-₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ / പേര് | 81/23<br>ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ |
| അടങ്കൽ | ₹100000 വികസന ഫണ്ട് - ജനറൽ |
| ചെലവ് | ₹ 100000 ബിൽ നമ്പർ : 1288092/04-03-2023 |

സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28-05-2022 ഖണ്ഡിക 7.1.4(2) പ്രകാരം ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ പ്രോജക്ട് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും മാത്രം ഏറ്റെടുക്കേണ്ടതാണ്. കൂടാതെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ നം. ഡി എ 1/387/2022 ത.സ്വ.ഭ.വ തിയ്യതി 08-11-2022 സർക്കുലർ പ്രകാരവും ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ പോലുള്ള ചെലവ് കൂടിയ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതുപോലുള്ള പദ്ധതികൾ ത്രിതല പഞ്ചായത്തുകൾ വഴി നടപ്പിലാക്കുമ്പോൾ ജില്ലാപഞ്ചായത്ത് വഴി മാത്രം വാങ്ങേണ്ടതും ഗ്രാമപഞ്ചായത്ത് വഴി മാത്രം വിതരണം ചെയ്യേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മേൽ പദ്ധതി ഗ്രാമപഞ്ചായത്ത് തലത്തിൽ നടപ്പാക്കിയത് സംബന്ധിച്ച് 5/22-09-23 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ജില്ലാ പഞ്ചായത്ത് ഫണ്ട് ലഭ്യമല്ലാത്തതിനാലാണ് ഗ്രാമ പഞ്ചായത്ത് മുഖേന പ്രസ്തുത പ്രോജക്ട് നടപ്പാക്കിയത് എന്ന മറുപടിയാണ് നിർവഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയത്. ഇത് തെറ്റായ മറുപടിയാണ്. ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പ്രകാരം പ്രസ്തുത പദ്ധതി ഗ്രാമ പഞ്ചായത്ത് മുഖേന നടപ്പിലാക്കാൻ പാടില്ലാത്തതാണ്. മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കിയതിനാൽ ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രസ്തുത പദ്ധതി ഗ്രാമപഞ്ചായത്ത് മുഖാന്തിരം നടപ്പിലാക്കാനുള്ള സർക്കാർ അനുമതി ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 ഹോമിയോ മരുന്ന് ലഭ്യമായില്ല. ₹64227 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ – ഹോമിയോ |
| പ്രോജക്ട് നമ്പർ /പേര് | 2/23,<br>ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |

| | |
|---|---|
| അടങ്കൽ | ₹150000 മെയ്റ്റനൻസ് ഫണ്ട് - റോഡിതരം |
| ചെലവ് | ₹150000 ബിൽ നമ്പർ : 39/8-8-2022 |

മേൽ പ്രോജക്റ്റ് പ്രകാരം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ₹150000 കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. പ്രഫോർമ നമ്പർ 264/23-24 തീയതി 14-6-23 പ്രകാരം ₹85773 യുടെ മരുന്ന് ലഭ്യമായതിന്റെ രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ₹64227 (150000-85773) മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ സ്റ്റോക്കിലെടുത്ത വിവരം രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് 3/21-9-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ₹64227 യുടെ മരുന്ന് ലഭ്യമായിട്ടില്ലെന്നാണ് നിർവഹണ ഉദ്യോഗസ്ഥൻ മറപടി നൽകിയത്. മരുന്ന് ലഭ്യമാകാത്തിനാൽ ₹64227 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ₹64227 യുടെ മരുന്ന് ലഭ്യമാകുന്നതിന് തുടർ നടപടി സ്വീകരിക്കേണ്ടതും മരുന്ന് ലഭ്യമാകുന്നമുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററും വിശദവിവരവും ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 കോക്ലിയർ ഇംപ്ലാന്റേഷൻ ഉപകരണങ്ങളുടെ റിപ്പയറിംഗ് കേരള സാമൂഹ്യസുരക്ഷാമിഷന് തുക നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ ₹250000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്റ്റ് നമ്പർ / പേര് | 83/23<br>കോക്ലിയർ ഇംപ്ലാന്റേഷൻ- മെയിന്റനൻസിനുള്ള വിഹിതം നൽകൽ |
| അടങ്കൽ | ₹ 250000 വികസന ഫണ്ട് – ജനറൽ |
| ചെലവ് | ₹ 250000 ബിൽ നമ്പർ : 1037009/12-01-2023 |

സ.ഉ(കൈ)നം. 115/2022തസ്വഭവ, 28.05.2022 ഖണ്ഡിക 7(1)(2)(ബി)(2) പ്രകാരം കോക്ലിയർ ഇംപ്ലാന്റ് ചെയ്ത കുട്ടികളുടെ ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിന് ഒരു കുട്ടിക്ക് ₹50000 നിരക്കിൽ സാമൂഹ്യ സുരക്ഷാ മിഷന് ഓരോ വർഷവും വിഹിതം നൽകുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. കോക്ലിയർ ഇംപ്ലാന്റേഷൻ ഉപകരണങ്ങളുടെ റിപ്പയറിങ്ങിനായി അന്ന മറിയ ജോഷി, സഞ്ജയ്. പി. വി, ഗൗരി നന്ദന, അർത്ഥേന്ദുമിത്ര, സാനിയ എന്നീ ഗുണഭോക്താക്കളുടെ അപേക്ഷ പരിഗണിച്ച് ഓരോ ഗുണഭോക്താവിനും ₹50000 വീതം ആകെ ₹250000 കേരള സാമൂഹ്യ സുരക്ഷാ മിഷന് കൈമാറിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് വിവരം, വിനിയോഗ സാക്ഷ്യപത്രം, ഭരണ സമിതി തീരുമാനം, വിദ്യാർത്ഥികളുടെ ഉപകരണങ്ങൾ റിപ്പയർ ചെയ്തതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് 21/23-09-2023 പ്രകാരം നല്കിയ ഓഡിറ്റ് എൻക്വയറിക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയത്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ ₹250000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രവും കുട്ടികൾക്ക് പ്രസ്തുത സേവനം ലഭിച്ചു എന്ന് തെളിയിക്കുന്ന മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 ബാലസഭ ശാക്തീകരണം- മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച ₹35000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്റ്റ് നമ്പർ/ പേര് | 149/23, ബാലസഭ ശാക്തീകരണം |
| അടങ്കൽ | ₹50000 വികസന ഫണ്ട് - പൊതു വിഭാഗം |
| ചെലവ് | ₹50000 ബിൽ നമ്പർ : 196/27-2-2023 |

മേൽ പ്രൊജക്റ്റ് പ്രകാരം ബാലസഭ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പ്രിന്റിംഗ്, സ്റ്റേഷനറി, യാത്രാബത്ത, ഭക്ഷണം, ഓണറേറിയം എന്നീ ഇനങ്ങൾക്കായി ₹50000 കുടുംബശ്രീ സി ഡി എസ് അക്കൗണ്ടന്റിന് അനുവദിച്ചിട്ടുണ്ട്. സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ, തീയതി 28-05-2022 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 7.7.10(1) പ്രകാരം ബാലസഭാ പ്രവർത്തനങ്ങൾക്കായി ഗ്രാമ പഞ്ചായത്ത് വാർഡ് ഒന്നിന് ₹1000 യിൽ അധികമാകാതെ തുക ചെലവഴിക്കാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം 15 വാർഡുകൾ ഉള്ള മുഴക്കുന്ന് ഗ്രാമ പഞ്ചായത്തിന് ബാലസഭാ പ്രവർത്തനങ്ങൾക്കായി ആകെ ചെലവഴിക്കാവുന്ന തുക ₹15000 യാണ്. മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ₹35000 അധികം ചെലവഴിച്ചത് സംബന്ധിച്ച് 12/23-9-2023 പ്രകാരം നൽകിയ

ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്തിലെ 15 വാർഡുകളിലും സന്നദ്ധ സേവനവും സ്പോൺസറിംഗും ഉപയോഗിച്ച് വാർഡ് തലത്തിൽ പ്രവർത്തനം നടത്തുകയും തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് മികച്ച പരിശീലനം ലഭ്യമാക്കുകയാണ് ചെയ്തത് എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയത്. മാർഗരേഖ പ്രകാരം വാർഡ് തലത്തിൽ പ്രവർത്തനം നടത്തുന്നതിയായി ചെലവഴിക്കാവുന്ന പരമാവധി തുക നിശ്ചയിച്ചിട്ടുള്ളതിനാൽ അധികമായി ചെലവഴിച്ച ₹35000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ബാലസഭ നടത്തിപ്പിന് ഗ്രാമപഞ്ചായത്തിന് മേൽ ഉത്തരവിന് വിരുദ്ധമായി 50000 രൂപ ചെലവഴിക്കാനുള്ള അനുമതി നൽകുന്ന സർക്കാർ ഉത്തരവ് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 എ ബി സി പ്രോഗ്രാം -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/ പേര് | 200/23 എ ബി സി പ്രോഗ്രാം |
| അടങ്കൽ | ₹50000 തനത് ഫണ്ട് |
| ചെലവ് | ₹50000 വൗച്ചർ നമ്പർ : 22200594/13-3-2023 |

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ 2065/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമ-ബ്ലോക്ക് -ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പ്രൊജക്ടായാണ് എ ബി സി നടപ്പിലാക്കേണ്ടതെന്നും മുഖ്യ നിർവ്വഹണസ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും ഇതിനുള്ള വിഹിതം ജില്ലാപഞ്ചായത്തിന് മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ കൈമാറണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എ.ബി.സി. പദ്ധതിക്ക് വിഹിതം നൽകൽ എന്ന മേൽ പദ്ധതി പ്രകാരം ₹50000 കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം, പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് 14/23-9-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ജില്ലാപഞ്ചായത്തിന് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും പഞ്ചായത്ത് ഭരണസമിതിയുടെ 17-9-22 ലെ 156/22 തീരുമാനം പ്രകാരം തെരുവ് നായ നിയന്ത്രണത്തിനായി വാർഡ് തല ജനകീയ കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 ഇൻഫർമേഷൻ കേരള മിഷന് തുക നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല ₹64340 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 123/23<br>ഇൻഫർമേഷൻ കേരള മിഷന് തുക നൽകൽ |
| അടങ്കൽ | ₹64340 വികസനഫണ്ട് -പൊതുവിഭാഗം |
| ചെലവ് | ₹64340 ബിൽ നമ്പർ : 58/30-9-2022 |

ഐ കെ എം വികസിപ്പിച്ച സോഫ്റ്റ് വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസനഫണ്ടിന്റെ 0.25% പ്രതിവർഷം ഐ കെ എം ന് അടച്ച് നൽകേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ₹64340 ഐ കെ എം എക്സിക്യൂട്ടീവ് ഡയരക്ടർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കുന്നതിന് 13/23-9-23 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയത്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹64340 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് RRF ന് പഞ്ചായത്ത് വിഹിതം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല, ₹28000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മുഴക്കുന്ന് |

| | |
|---|---|
| പ്രൊജക്ട് നമ്പർ / പേര് | 176/23,<br>പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് RRF ന് പഞ്ചായത്ത് വിഹിതം |
| അടങ്കൽ | ₹28000 വികസനഫണ്ട് – പൊതുവിഭാഗം |
| ചെലവ് | ₹28000 ബിൽ നമ്പർ : 22220552013700645137/14-10-2022 |

പേരാവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ RRF (Resource Recovery Facility) കേന്ദ്രത്തിന് വിഹിതം നൽകുന്നതിനായി മേൽ പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും ₹28000 പിൻവലിച്ച് പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 18-09-2023 ന് തുക കൈപ്പറ്റിയതിന്റെ രശീതി നൽകിയിട്ടുണ്ടെങ്കിലും തുക വിനിയോഗിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി 26/25-09-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ആയത് ലഭിച്ചാൽ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കുമെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത്. വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ലാത്തതിനാൽ ₹28000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രവും മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 സ്ത്രീ പദവി പഠനം- തുടർ നടപടികൾ സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല - ₹21930 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രൊജക്ട് നമ്പർ / പേര് | 86/23 സ്ത്രീ പദവി പഠനം |
| അടങ്കൽ | ₹63650 വികസന ഫണ്ട് - ജനറൽ |
| ചെലവ് | ₹21930 ബിൽ നമ്പർ : 381889/17-03-2023 |

സ്ത്രീപദവി പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. സ.ഉ(കൈ)നം. 84/2022/ത.സ്വ.ഭ.വ തീയ്യതി 19.04.22 ഖണ്ഡിക 6.3.1 ലെ നിർദ്ദേശ പ്രകാരം കൃത്യമായ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ വനിതകളുടെ സാമൂഹിക സാമ്പത്തിക പദവി ഉയർത്തുന്നതിന് വനിതാ ഘടകപദ്ധതി എല്ലാ തദ്ദേശ ഭരണസ്ഥാപനങ്ങളും നിർബന്ധമായും തയ്യാറാക്കേണ്ടതാണ്. ഇതിനായി വാർഡ് തല ട്രെയിനിംഗ് നൽകുന്നതിനാണ് മേൽ തുക ചെലവഴിച്ചിരിക്കുന്നത്. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനു വേണ്ടി 2022-23 സാമ്പത്തിക വർഷം പദ്ധതിയുടെ ഭാഗമായി വാർഡ് തല പഠന സംഘങ്ങൾക്ക് പരിശീലനം നല്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ബാനറിന് ₹450 യും ക്ലാസ് എടുത്തവർക്കുള്ള പ്രതിഫലമായി ₹4500 യും ഭക്ഷണച്ചെലവ്, നോട്ട്പാഡ്, പെൻ എന്നിവയ്ക്ക് ₹16980 യും ഉൾപ്പെടെ ആകെ ₹21930 യാണ് ചെലവഴിച്ചത്. പദ്ധതിയുമായി ബന്ധപ്പെട്ട് വാർഡ് തല പഠന സംഘങ്ങളുടെയും തുടർ പ്രവർത്തനങ്ങളുടെ വിവരങ്ങളും നിലവിൽ പദ്ധതി പൂർത്തിയായിട്ടുണ്ടെങ്കിൽ പഠന റിപ്പോർട്ടും സ്ത്രീ പദവി പഠനവുമായി ബന്ധപ്പെട്ട് അക്കാദമിക് സമിതി രൂപീകരിച്ചതിന്റെയും വിവര ശേഖരണം, വിശകലനം തുടങ്ങിയ സ്ത്രീപദവി പഠന പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനായി പഠനസംഘങ്ങൾ രൂപീകരിച്ചതിന്റേയും റിപ്പോർട്ട് തയ്യാറാക്കിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കുന്നതിനായി 6/22-09-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നടപ്പ് സാമ്പത്തിക വർഷത്തിലും തുടരുന്നുണ്ട് എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയത്. പദ്ധതി പ്രവർത്തനം പൂർത്തീകരിക്കാത്തതിനാൽ ചെലവു തുകയായ 21930 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പൂർത്തിയാകുന്ന മുറയ്ക്ക് പഠന റിപ്പോർട്ടും മോണിറ്ററിംഗ് റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 മുൻകൂർ നൽകിയ തുക ക്രമീകരിച്ചിട്ടില്ല

2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക ബി-18 ഷെഡ്യൂൾ പ്രകാരം മുൻകൂറായി അനുവദിച്ച ₹2606855 ക്രമീകരിക്കാൻ ബാക്കിയുണ്ട്. ആയതിൽ ₹2000 ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിലും ₹1020166 Temporary Advance For Official Purpose എന്ന ഇനത്തിലുമുള്ളതാണ്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 99, ജി.ഒ (പി)നം.419/2011/ഫിൻ തീയതി 04-10-2011 പ്രകാരം മൂന്ന് മാസങ്ങൾക്കകം മുൻകൂർ ക്രമീകരിച്ചിട്ടില്ലെങ്കിൽ തുക പിൻവലിച്ച തീയതി മുതൽ തുക ഈടാക്കുന്നത് വരെയുള്ള കാലയളവിലേക്ക് 18% പലിശ ഈടാക്കേണ്ടതാണെന്ന് പ്രതിപാദിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച തുക ഏത് സാമ്പത്തിക വർഷം ഏത് വ്യക്തികൾക്ക് അനുവദിച്ചതാണെന്നും നാളിതുവരെയായും മുൻകൂർ നൽകിയ തുക ക്രമീകരിക്കാത്തതിന്റെ കാരണവും വ്യക്തമാക്കുന്നതിന് 26/27-9-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ക്രമീകരിക്കാൻ ബാക്കിയുള്ള തുക ഏത് ജീവനക്കാരനിൽ നിന്നാണ് ഈടാക്കേണ്ടതെന്ന്

കണ്ടെത്തി ഈടാക്കാനും ബാലൻസ് ഷീറ്റിലെ ബി.18 ഷെഡ്യൂൾ പ്രകാരം ക്രമീകരിക്കാൻ ബാക്കിയുള്ള തുകകൾ പരിശോധിച്ച് ക്രമീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മുഴവൻ തുകയും ക്രമീകരിച്ച് വിവരം ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-27 പ്രാഥമിക ആരോഗ്യ കേന്ദ്രം- ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റിയുടെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

2010 ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്നപോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്നു കണ്ടാൽ അതിനിടക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് 4 മാസത്തിനകം അതാത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാഫാറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുണ്ട് (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ 1996 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം). പ്രാഥമിക ആരോഗ്യ കേന്ദ്രം, മുഴക്കുന്ന് ഗ്രാമ പഞ്ചായത്ത് ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റിയുടെ വാർഷിക വരവ് ചെലവ് കണക്കുകൾ ഇപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനക്ക് വിധേയമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ആശുപത്രി മാനേജിംഗ് കമ്മറ്റി രൂപീകരിച്ചതിന്റെയും ഏറ്റവും ഒടുവിൽ പുന:സംഘടിപ്പിച്ചതിന്റെയും വിവരങ്ങളും ലഭ്യമാക്കുന്നതിനായി 15/23-09-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 15-07-2008 ന് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട് എന്ന മറുപടി മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റിയുടെ നാളിതുവരെയുള്ള മുഴവൻ വരവ് ചെലവ് കണക്കുകളും ഓഡിറ്റിന് സമർപ്പിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-28 ലൈഫ് ഭവന നിർമ്മാണം - പട്ടികവർഗ്ഗ ഗുണഭോക്താക്കൾ നാളിതുവരെയായി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ 2021-22 വർഷം ആദ്യഗഡു ലഭിച്ച ചുവടെ പറയുന്ന ഗുണഭോക്താക്കൾ (ലൈഫ് ഭവന പദ്ധതി 2021-22 അഡീഷണൽ ലിസ്റ്റ്, പട്ടിക വർഗ്ഗം) ഭവന നിർമ്മാണം പൂർത്തീകരിക്കാൻ ബാക്കിയുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| രജിസ്റ്ററിലെ ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ആദ്യഗഡു അനുവദിച്ച തീയതി | നാളിതുവരെ അനുവദിച്ച തുക |
|---|---|---|---|
| 3 | പ്രജിന ശ്യാം | 13-10-2021 | 453165 |
| 4 | സുനീഷ് കെ കെ | 13-10-2021 | 550000 |
| 9 | സിതാര ബാബു | 13-10-2021 | 500000 |
| 10 | ജാനകി | 13-10-2021 | 489338 |
| 11 | നികേഷ് | 13-10-2021 | 550000 |

മുകളിൽ ചേർത്ത 5 പേരും നാളിതുവരെയായി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്നും 2023-24 വർഷം എല്ലാ വീടും പൂർത്തീകരിക്കുമെന്നും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അറിയിച്ചിട്ടുണ്ട്. മുഴവൻ പേരുടേയും ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതും ആയത് പൂർത്തീകരിച്ച് കെട്ടിട നമ്പർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിശദവിവരം ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-29 തനത് വരുമാനം-ഗ്രാമപഞ്ചായത്തിലെ നിലവിലെ സ്ഥിതി സംബന്ധിച്ച അവലോകനം.

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം (Own Source Revenue) സംബന്ധിച്ച നിലവിലെ സ്ഥിതികൾ അവലോകനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള തനത് വരുമാനവർദ്ധനവിനുള്ള നിർദ്ദേശങ്ങളും ചുവടെ കൊടുക്കുന്നു.

01-04-2022 മുതൽ 31-03-2023 വരെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 15 യോഗങ്ങൾ ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചപ്പോൾ വസ്തു നികുതി സംബന്ധിച്ചും വസ്തു നികുതി പുരോഗതി സംബന്ധിച്ചും ചർച്ച ചെയ്തിട്ടുണ്ട്. നിശ്ചിത ഇടവേളകളിൽ വിവിധയിനം

നികുതി/നികുതിയേതര വരവുകളുടെ ഡിമാൻറിംഗ്-പിരിവ് പുരോഗതി അവലോകന യോഗങ്ങൾ ചേരുന്നില്ല. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

I. വസ്തു നികുതി

സ.ഉ(കൈ)നം.77/2023/തസ്വഭവ, 22-03-2023 പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശം പാലിച്ച് പുതിയ വസ്തു നികുതി നിരക്കുകളുടെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് (5/209/23(1)/24-07-2023). നിലവിൽ പുതിയ നിരക്കിൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മേഖലാ വിഭജനം പുനർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേൽപ്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ടവർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്. നികുതി നികുതിയേതരവരവുകൾ പിരിച്ചെടുക്കുന്നത് യഥാസമയം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. 01-06-2022 ലെ സ.ഉ.(കൈ) നം.117/2022/LSGD പ്രകാരം വരവിനങ്ങളുടെ കുടിശ്ശികയും, കുടിശ്ശിക കാലയളവും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

II. അനധികൃത നിർമാണം

ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണവും വിപുലീകരണവും നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി നികുതി ഈടാക്കി വരുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർ നടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി എടുക്കുന്നില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നില്ല. ഇത്തരത്തിൽ തനത് വരുമാനവർദ്ധവിനുതകുന്ന നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ആയതിന്മേൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ വേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 455 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃതനിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

III. സേവന ഉപനികുതി

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പ് പ്രകാരം സേവനഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപപ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ഏർപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സേവനഉപനികുതി

ച്ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

IV. തൊഴിൽനികുതി.

ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. നികുതി അടക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.. മുഴക്കുന്ന് ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തിലെ ഫാക്ടറികൾ,വ്യാപാരങ്ങൾ, സംരംഭങ്ങൾ, മറ്റ് സേവനങ്ങൾ എന്നിവയ്ക്കായുള്ള ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ ലൈസൻസ് ലഭിച്ച ഒന്നിൽക്കൂടുതൽ പേർ ജീവനക്കാരുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്

V. FTE&OS (Factory, Traders, Enterprenurship & Other Services) ലൈസൻസ്

FTE&OS ലൈസൻസ് ഫീസ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കുന്നതെങ്കിലും മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പുവരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത വ്യക്തമായ രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ച സർക്കാരിന്റെ സ.ഉ (കൈ) നം. 84/22 തസ്വഭവ തീയതി 19-04-2022 ഉത്തരവ് ഖണ്ഡിക 5.1 ൽ വിഭവസമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിതശ്രമം നടത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ / തീയ്യതി |
|---|---|---|
| 2022-23 | 26-09-2023 | കെ.എസ്.എ/കെ.എൻ.ആർ/സി.11/1548/2023<br>തീയ്യതി : 11-10-2023 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| ക്രമ | വിഹിതം | ലഭിച്ച | തുക | പദ്ധതിയുടെ | ചെലവഴിച്ച | നീക്കി |
|---|---|---|---|---|---|---|

| നമ്പർ | നൽകിയ സ്ഥാപനം | തുക ₹ | ലഭിച്ച വർഷം | നമ്പർ / പേര് | തുക | യിരിപ്പ് |
|---|---|---|---|---|---|---|
| 1 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 100000 | 2022-23 | 113/23 ലൈഫ് ഭവനപദ്ധതി 2022-23 പട്ടികജാതി വിഭാഗം | 100000 | ഇല്ല |
| 2 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 222000 | 2022-23 | 80/23 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള ബത്ത സ്കോളർഷിപ്പ് | 222000 | ഇല്ല |
| 3 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 77000 | 2022-23 | 150/23 ഗോത്ര സാരഥി പദ്ധതിക്ക് തുക അനുവദിക്കൽ | 77000 | ഇല്ല |
| 4 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 189128 | 2022-23 | 145/23 ക്ഷീര കർഷകർക്ക് പാലിന് അധികവില നൽകൽ | 189128 | ഇല്ല |
| | ആകെ | 588128 | | | 588128 | |
| 5 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 449857 | 2022-23 | 79/23 സാന്ത്വന പരിചരണം 2022-23 | 449857 | ഇല്ല |
| 6 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 800000 | 2022-23 | 211/23 ലൈഫ് 2020 | 800000 | ഇല്ല |
| 7 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 74000 | 2022-23 | 80/23 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള ബത്ത സ്കോളർഷിപ്പ് | 74000 | ഇല്ല |
| 8 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 57750 | 2022-23 | 150/23 ഗോത്ര സാരഥി പദ്ധതിക്ക് തുക അനുവദിക്കൽ | 57750 | ഇല്ല |
| 9 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 332000 | 2022-23 | 145/23 ക്ഷീര കർഷകർക്ക് പാലിന് അധികവില നൽകൽ | 332000 | ഇല്ല |
| | ആകെ | 1713607 | | | 1713607 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | നൽകിയ തുക | ബിൽ നമ്പർ/ തീയ്യതി | ചെലവഴിച്ച തുക ₹ | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 144/23 അങ്ങാടിച്ചാൽ | 6,20,000 | 56/ 30-9-2022 | കേരള വാട്ടർ അതോറിറ്റി മറ്റ ഫണ്ടുപയോ | ഗ്രാമ പഞ്ചായത്തിന് 19-9-2023-ന് |

| | | | | | |
|---|---|---|---|---|---|
| | കുടിവെള്ള പദ്ധതി ലൈൻ എക്സ്റ്റൻഷൻ | | | ഗിച്ച് ഈ പ്രവൃത്തി പൂർത്തിയാക്കി. | ₹6,20,000 തിരികെ നൽകി. |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 6256354 |
| തൻവർഷം നിക്ഷേപിച്ചത് | 436894 |
| ആകെ | 6693248 |
| തൻവർഷം പിൻവലിച്ചത് | ഇല്ല |
| വർഷാവസാനം നീക്കിയിരിപ്പ് | 6693248 |

വർഷാവസാനം നീക്കിയിരിപ്പുള്ള സ്ഥിരനിക്ഷേപത്തിന്റെ വിവരം

| ക്രമ നമ്പർ | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി | തുക |
|---|---|---|
| 1 | പേരാവൂർ റീജിയണൽ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് എഫ്.ഡി നമ്പർ 10414001004774/30-3-2023 | 6678238 |
| 2 | മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോ ഓപ്പറേറ്റീവ് ലിമിറ്റഡ് ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 4479/23-09-2015 | 10000 |
| 3 | മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോ ഓപ്പറേറ്റീവ് ലിമിറ്റഡ് ഷെയർ (സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല) | 5010 |

B-12 ഷെഡ്യൂൾ പ്രകാരം ആകെ സ്ഥിരനിക്ഷേപം ₹6693248 യാണെങ്കിലും ക്രമ നമ്പർ 3 പ്രകാരമുള്ള ₹5010 യുടെ ഷെയർ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച ₹76814 യുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്/ ഉദ്യോഗപേര് | രശീത് നമ്പർ /തീയ്യതി |
|---|---|---|---|---|
| 2003-04 | 3-2A | 1358 | കൃഷി ഓഫീസർ | 1220100179/29-04-2022 |
| 2015-16 | 3-4(4) | 5984 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220101238/22-07-2022 |
| 2015-16 | 3-4(2) | 3000 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220101475/19-08-2022 |
| 2017-18 | 2-2 | 2500 | സാന്ദ്ര ഡ്രൈവിംഗ് സ്കൂൾ | 1220102061/20-09-2022 |
| 2017-18 | 2-2 | 2500 | ബ്രോഡ്ബീൻ ഹോട്ടൽ | 1220102060/20-09-2022 |
| 2015-16 | 3-4(1) | 5998 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220102062/20-09-2022 |
| 2015-16 | 3-4(3) | 3000 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220102110/24-09-2022 |
| 2018-19 | 1-12 | 1080 | ഉസ്സൻ ടി.കെ | 1220102115/24-09-2022 |
| 2017-18 | 2-2 | 2900 | എക്സിക്യൂട്ടീവ് ഓഫീസർ മൃദംഗശൈലേശ്വരി ക്ഷേത്രം | 1220102106/24-09-2022 |
| 2018-19 | 1-12 | 4100 | എക്സിക്യൂട്ടീവ് ഓഫീസർ മൃദംഗശൈലേശ്വരി ക്ഷേത്രം | 1220102108/24-09-2022 |

| | | | | |
|---|---|---|---|---|
| 2019-20 | 1-13 | 4100 | എക്സിക്യൂട്ടീവ് ഓഫീസർ മൃദംഗശൈലേശ്വരി ക്ഷേത്രം | 1220102107/24-09-2022 |
| 2020-21 | 1-17 | 4100 | എക്സിക്യൂട്ടീവ് ഓഫീസർ മൃദംഗശൈലേശ്വരി ക്ഷേത്രം | 1220102109/24-09-2022 |
| 2015-16 | 3-8 | 17054 | എക്സിക്യൂട്ടീവ് എഞ്ചിനീയർ ജില്ലാ പഞ്ചായത്ത്, കണ്ണൂർ | 122000012/18-10-2022 |
| 2016-17 | 2-4 | | | |
| 2017-18 | 1-30 | | | |
| 2019-20 | 1-12 | 19140 | കെ. കെ. മോഹൻദാസ് | 1220105274/19-01-2023 |
| | ആകെ | 76814 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 12 | 2003-04 | 3.13.17 | മറ്റ് പരാമർശങ്ങൾ | പരാമർശം നിലനിൽക്കുന്നു |
| 2001-02 | 12, 13 | 2003-04 | 3.13.17 | മറ്റ് പരാമർശങ്ങൾ | പരാമർശം നിലനിൽക്കുന്നു |
| വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല | 2013-14 | 6.1.2 | പെർഫോർമൻസ് ഗ്രാന്റ് വിനിയോഗം കാര്യക്ഷമമല്ല | പരാമർശം നിലനിൽക്കുന്നു |
| 2016-17 | 2-3 | 2017-18 | 1.13.2 | വസ്തുനികുതി | പരാമർശം നിലനിൽക്കുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 40953724 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 38872503 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 613497 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേര് വിവരം |
|---|---|---|
| 1-18 | 1,00,000 | ശ്രീമതി. ആശാലത. പി. വി, ICDS സൂപ്പർവൈസർ |

| | | |
|---|---|---|
| 1-19 | 64,227 | ഡോ. മനോജ് കുമാർ. ടി. ജി, മെഡിക്കൽ ഓഫീസർ GHD |
| 1-20 | 2,50,000 | ശ്രീമതി. ആശാലത. പി. വി, ICDS സൂപ്പർവൈസർ |
| 1-21 | 35,000 | ശ്രീ. മുരളീധരൻ. കെ. എ, ഹെഡ് മാസ്റ്റർ |
| 1-22 | 50,000 | ശ്രീ. രാമചന്ദ്രൻ. വി, സെക്രട്ടറി |
| 1-23 | 64340 | ശ്രീ. അനിൽ രാമകൃഷ്ണൻ, സെക്രട്ടറി |
| 1-24 | 28000 | ശ്രീ. ഷാജി. കെ. പി, വി.ഇ.ഒ. മുഴക്കുന്ന് |
| 1-25 | 21930 | ശ്രീമതി ആശാലത പി.വി., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | 613497 | |

ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി നും തടസ്സത്തിനും ഉ ത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം

| ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേര് വിവരം | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ആശാലത. പി. വി, ICDS സൂപ്പർവൈസർ | ICDS സൂപ്പർവൈസർ മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത് | പ്രസീത നിവാസ്, കാഞ്ഞിലേരി-പി.ഒ, മട്ടന്നൂർ, കണ്ണൂർ |
| ഡോ. മനോജ് കുമാർ. ടി. ജി, മെഡിക്കൽ ഓഫീസർ GHD | മെഡിക്കൽ ഓഫീസർ GHD ആറളം | ഹരിത വൃന്ദാവനം, തൊണ്ടിയിൽ- പി.ഒ, പേരാവൂർ, കണ്ണൂർ |
| ശ്രീ. മുരളീധരൻ. കെ. എ, ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ, മധുസൂദനൻ സ്മാരക GUPS മട്ടന്നൂർ | യൂറേക്ക, ചെക്കിക്കുളം-പി.ഒ കുറ്റ്യാട്ടൂർ, കണ്ണൂർ |
| ശ്രീ. രാമചന്ദ്രൻ. വി, സെക്രട്ടറി | സെക്രട്ടറി മുഴക്കുന്ന് ഗ്രാമ പഞ്ചായത്ത് | പുത്തൻ പുരയിൽ, നെല്ലൂന്നി- പി.ഒ, മട്ടന്നൂർ, കണ്ണൂർ |
| ശ്രീ. അനിൽ രാമകൃഷ്ണൻ, സെക്രട്ടറി | സെക്രട്ടറി ഉളിക്കൽ ഗ്രാമ പഞ്ചായത്ത് | മണാളി, ഐ. ടി. സി റോഡ്, വെള്ളൂന്നി-പി.ഒ, കേളകം, കണ്ണൂർ |
| ശ്രീ. ഷാജി. കെ. പി, വി.ഇ.ഒ. മുഴക്കുന്ന് | വി.ഇ.ഒ. മുഴക്കുന്ന് മുഴക്കുന്ന് ഗ്രാമ പഞ്ചായത്ത് | കണ്ണോത്ത് പടിഞ്ഞാറെ വീട്, പരിയാരം, കോളാരി-പി. ഒ, കണ്ണൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച | തീർപ്പാക്കാൻ |
|---|---|---|

| റിപ്പോർട്ട് വർഷം | ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 | കെ.എസ്.എ./കെ.എൻ.ആർ./സി.11/1429/2022 തീയതി: 13.10.2022 | 1 |
| 2007-08 | കെ.എസ്.എ./കെ.എൻ.ആർ./സി.11/1429/2022 തീയതി: 13.10.2022 | 1 |
| 2008-09 | കെ.എസ്.എ./കെ.എൻ.ആർ./സി.11/1429/2022 തീയതി: 13.10.2022 | 1 |
| 2010-11 2011-12 | കെ.എസ്.എ./കെ.എൻ.ആർ./സി.11/1429/2022 തീയതി: 13.10.2022 | 3 |
| 2012-13 | കെ.എസ്.എ./കെ.എൻ.ആർ./സി.11/1429/2022 തീയതി: 13.10.2022 | 3 |
| 2013-14 2014-15 | കെ.എസ്.എ./കെ.എൻ.ആർ./സി.11/1429/2022 തീയതി: 13.10.2022 | 1 |
| 2016-17 | കെ.എസ്.എ./കെ.എൻ.ആർ./സി.11/1429/2022 തീയതി: 13.10.2022 | 1 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി.11/626/2022 തീയതി: 01.06.2022 | 31 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ/സി.11/627/2022 തീയതി: 01.06.2022 | 26 |
| 2021-22 | കെ.എസ്.എ/കെ.എൻ.ആർ/സി.11/1494/2022 തീയതി: 18.01.2023 | 27 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 194/23 dated 13-07-2023 and submitted on 15-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Muzhakkunnu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Muzhakkunnu Grama Panchayat for the year 2022-2023

Date: 11/10/2023

Deputy Director
District Office Kannur
Kerala State Audit Department

## Audit Report appended to the Audit Certificate of Muzhakkunnu Grama Panchayat for the Year 2022-2023.

**1.Major Observations**

1. Non production of share certificate for physical verification.

**2.Other Observations**

1. The amount gross surplus/ deficit of income over expenditure shown in income and expenditure statement varies from the actual amount

2. Grant liability amount shown as liability in Balancesheet(CFC grant , distress relief fund) does not match with Bank account opened for the specified grant account.

3. Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

4. The following mandatory financial such as B1 schedule, Ratios,comaritive amounts for the preceding year prescribed in accounting rules are not submitted for audit

5. Notes to Account not submitted for audit

6. Payment Voucher misclassification- the amount given as advance for deposit works wrongly booked as Capital Expenditure.

7. Lapses in making timely and accurate demand entries in respect of tax and non tax revenue

8. Asset register has not been updated

9. the following registers are not maintained

i) Advance register

II) Tender form sale registers

10. Library cess collection amount shown in demand register does not match with amount shown in financial statement

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## ധനകാര്യ പത്രികകൾ

1. RECEIPT & PAYMENT STATEMENT

| For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 18841956.00 |
| Cash | Cash | RP-40(a) | 125722.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 883560.00 |
| 140000000 | Fees & User Charges | RP-4 | 1581830.00 |
| 150000000 | Sale & Hire Charges | RP-5 | 599289.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 10916000.00 |
| 171000000 | Interest Earned | RP-9 | 319643.00 |
| 190000000 | Prior Period Income | RP-11 | 100317.00 |
| 210000000 | Establishment Expenses | RP-12 | 0.0 |
| 311000000 | Earmarked Funds | RP-28 | 35133.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 11514964.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 14089379.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 33259.00 |
| 340000000 | Deposits Received | RP-33 | 258536.00 |
| 350000000 | Other Liabilities | RP-35 | 621814.00 |
| | Grand total | | 59921402.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 2230.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 14365.00 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 22350.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 12916230.00 |
| 460000000 | Loans, Advances and Deposits | RP-49 | 349566.00 |
| 470000000 | Other Assets | RP-50 | 7840.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 51013.00 |
| 350000000 | Other Liabilities | RP-35 | 25508909.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 20982022.00 |
| Cash | Cash | RP-40(b) | 66877.00 |
| | Grand Total | | 59921402.00 |

2. INCOME & EXPENDITURE STATEMEN T

| For the period from 01-April-2022 to 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |

| | | | |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 5461458.00 |
| 120000000 | Assigned Revenues, Shared Taxes and Compensation ((BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 446292.00 |
| 140000000 | Fee & User Charges | I-4 | 1814829.00 |
| 150000000 | Sale & Hire Charges | I-5 | 628989.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 115517814.00 |
| 170000000 | Income from Investments | I-7 | 436894.00 |
| 171000000 | Interest Earned | I-8 | 319643.00 |
| 180000000 | Other Income | I-9 | 118697.00 |
| 190000000 | Prior Period Income | I-19 | 108676.00 |
| | Total Income | | 124744616.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 11744495.00 |
| 220000000 | Administrative Expenses | I-11 | 1311228.00 |
| 230000000 | Operations & Maintenance | I-12 | 1293619.00 |
| 240000000 | Interest & Finance Charges | I-13 | 1191.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 3796367.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 21868163.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 8446308.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 29512566.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 39173040.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 486115.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 8584.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 8429044.00 |
| | Total Expenditure | | 126070720.00 |
| | Gross Surplus / Deficit of income over Expenditure | | -1326104.00 |
| | Gross Surplus / Deficit of income over Expenditure | | -1434780.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 0.0 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 108676.00 |

3. BALANCE SHEET

| As on 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 13852901.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 108709.00 |
| 312000000 | Reserves | B-3 | 73785428.00 |
| | Total Reserve & Surplus | | 87747038.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 16719976.00 |
| | Total Grants, Contributions for Specific Purposes | | 16719976.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 11680314.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 11680314.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 610269.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2263754.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 2874023.00 |
| | TOTAL LIABILITIES | | 119021351.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 1349569.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 3349485.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 11654008.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 89358086.00 |
| 416000000 | Accumulated Depreciation | B-11(a) | -41728305.00 |
| | Total Fixed Assets | | 63982843.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 6693248.00 |
| 421000000 | Investments - Other Funds/Sundry Debtors | B-13 | 0.0 |
| | Total Investments | | 6693248.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 13009192.00 |

| | | | |
|---|---|---|---|
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 11680314.00 |
| 450000000 | Cash and Bank Balance | B-17 | 21048899.00 |
| 460000000 | Loans, Advances and Deposits | B-18 | 2606855.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 48345260.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 119021351.00 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ